"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലമ്പൂർ നഗരസഭ- 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡിക 3.14 -വഴികാട്ടി പദ്ധതി -സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1344/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 10/07/2020

---

പരാമർശം:- 1 നിലമ്പൂർ നഗരസഭാ സെക്രട്ടറിയുടെ 08/02/2016ലെ പി1/19232/13 നമ്പർ കത്ത്

2 നഗരകാര്യ ഡയറക്ടറുടെ 03/06/2016 ലെ F2/10628/16/ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നിലമ്പൂർ നഗരസഭ 2009-10 വർഷം മുതൽ നടപ്പാക്കി വരുന്ന "വഴികാട്ടി" എന്ന തൊഴിൽ പരിശീലന പദ്ധതി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നും പ്രോജക്ട് നടപ്പാക്കുന്നതിനായി സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കിയതായി കാണുന്നില്ലെന്നും പരാമർശിച്ചുകൊണ്ട് പദ്ധതിക്കായി ചെലവഴിച്ച 5,12,500 (അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറുരൂപ) നഗരസഭയുടെ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു.

2 നിലമ്പൂർ നഗരസഭയിലെ അഭ്യസ്ത വിദ്യരായ യുവജനങ്ങളെ തൊഴിൽ നേടാൻ സജ്ജരാക്കുക എന്ന ലക്ഷ്യത്തോട് കൂടി 2009-10 വർഷം മുതൽ നിലമ്പൂർ ഗ്രാമപഞ്ചായത്തും പിന്നീട് 2012-13 വർഷം മുതൽ നിലമ്പൂർ നഗരസഭയും നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് വഴികാട്ടി പദ്ധതിയെന്നും സർക്കാർ അർദ്ധ സർക്കാർ, സ്വകാര്യ മേഖല, സ്വയംതൊഴിൽ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ ജോലി ലഭിക്കാൻ ആവശ്യമായ വിവിധ കോഴ്സുകളാണ് യുവാക്കൾക്ക് നൽകുന്നതെന്നും എം.എസ് ഓഫീസ്, ഡി.റ്റി.പി, ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഡിപ്ലോമ ഇൻ ഹാർഡ് വെയർ ആൻറ് നെറ്റ് വർക്ക് മാനേജ്മെൻറ്, സെയിൽസ് ആന്റ് മാർക്കറ്റിംഗ്, സ്റ്റിച്ചിംഗ്, എംബ്രോയ്ഡറി വർക്ക്, ഫാഷൻ ഡിസൈനിംഗ്, ഫാർമസി ഷോപ്പ് അസിസ്റ്റന്റ് തുടങ്ങിയ കോഴ്സുകളിൽ പരിശീലനം നൽകി ഇന്ദിരാ ഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി, ജൻശിക്ഷൺ സൻസ്ഥാൻ എന്നിവയുടെ സർട്ടിഫിക്കറ്റുകളാണ് നൽകി വരുന്നതെന്നും അതത് വർഷങ്ങളിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും അറിയിച്ചുകൊണ്ട് പദ്ധതിയ്ക്ക് സാധൂകരണം അഭ്യർത്ഥിച്ച് നിലമ്പൂർ നഗരസഭ പരാമർശം ( 1 ) പ്രകാരം സമർപ്പിച്ച അപേക്ഷയും പദ്ധതിയ്ക്ക് സാധൂകരണം അഭ്യർത്ഥിച്ചുകൊണ്ടുള്ള നഗരസഭാകൗൺസിലിന്റെ 31/12/2016 ലെ 9 - ാം നമ്പർ തീരുമാനവും നഗരകാര്യഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

3 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊഴിൽ പരിശീലനം ലക്ഷ്യമിട്ട് നഗരസഭ നടപ്പാക്കിയ വഴികാട്ടി പദ്ധതിയിലൂടെ നിരവധിയാളുകൾക്ക് വിവിധ തരത്തിലുള്ള തൊഴിലുകൾ നേടാനും അതു മുഖേന ജീവിതമാർഗ്ഗം കണ്ടെത്താനും കഴിഞ്ഞിട്ടുണ്ടെന്നുമുള്ള നഗരസഭയുടെ വിശദീകരണം പരിഗണിച്ച് മേലിൽ വികസനഫണ്ട് ചെലവഴിക്കുന്നത് മാർഗ്ഗരേഖകൾക്ക് അനുസൃതമായിരിക്കണമെന്നും മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് നടപ്പാക്കുന്ന പദ്ധതികൾ നടപ്പാക്കുന്ന പക്ഷം അതിനായി

നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് നിലമ്പൂർ നഗരസഭ 2009-10 മുതൽ ആരംഭിച്ച് 5,12,500/-(അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ) ചെലവഴിച്ച നടപ്പാക്കിയ 'വഴികാട്ടി' എന്ന പദ്ധതിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAISY PAUL

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, നിലമ്പൂർ നഗരസഭ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് ( സർ ക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ